**GHSS CHATTUKAPPARA**



# വർണ്ണം.കോം

മപ്പാഗസലിന

***VARNNAM THE DIGITAL MAGAZINE***



# വർണ്ണം.കോം

## ഡിജിറ്റൽ മാഗസിൻ

ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്

ചട്ടുകപ്പാറ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ

## GHSS ചട്ടുകപ്പാറ



## ആശംസ

ചട്ടുകപ്പാറ ഗവൺമെന്റ് ഹയർ സെക്കൻററി സ്കൂളിലെ "ലിററിൽ കൈററ്സ്"തയ്യാറാക്കിയ ഈ മാഗസിൻ കുട്ടികളുടെ സർഗാത്മകതയുടെ മികച്ച ഉൽപന്നമാണ്. ഇൻഫോർമേഷൻ ടെക്നോളജിയിൽ കുട്ടികൾ നേടിയ ഉയർന്ന നിലവാരമാണ് ഇതിലൂടെ പ്രകടമാവുന്നത്.ഈ മാഗസിന് എല്ലാ ആശംസകളും നേരുന്നതോടൊപ്പം ഇതിന് പിന്നിൽ ഇതിന് പിന്നിൽ പ്രവർത്തിച്ച അധ്യാപകർക്കും കുട്ടികൾക്കും അഭിനന്ദനം അർപ്പിക്കുന്നു.

എ വി ജയരാജൻ
പ്രിൻസിപ്പാൾ ജി എച്ച് എസ് എസ് ചട്ടുകപ്പാറ




# ആശംസ

ചട്ടുകപ്പാറ ഗവ:ഹയർസെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ വർണം.കോം ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.ഈ പ്രവർത്തനം അഭിനന്ദനീയമാണ്.

പി കൃഷ്ണദാസൻ

ഹെഡ്മാസ്റ്റർ ജി എച്ച് എസ് എസ് ചട്ടുകപ്പാറ



# ആശംസ

'വർണം.കോം' ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയത് സ്കൂളിലെ ലിറ്റിൽ കൈറ്റസ് ക്ലബ് അംഗങ്ങളാണ് . ഈ പുതിയ സംരംഭത്തിന്റെ പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റസ് അംഗങ്ങൾക്കും അധ്യാപകർക്കും അതുപോലെ ഇതിൽ പംക്തികൾ നൽകിയ എല്ലാവർക്കും എന്റെ എല്ലാ വിധ ആശംസകളും നേരുന്നു.

എൻ അനിൽകുമാർ

പി ടി എ പ്രസിഡന്റ് ജി എച്ച് എസ് എസ് ചട്ടുകപ്പാറ

# പത്രാധിപ സമിതി

1. പി .കൃഷ്ണദാസൻ (ഹെഡ്മാസ്റ്റർ)
2. എൻ. അനിൽകുമാർ(പ്രസി . പി ടി എ )
3. എൻ. ജയലതിക (സീനിയർ അസിസ്റ്റന്റ്)
4. എ .സുരേന്ദ്രൻ (SITC)
5. എം.സി ശശീന്ദ്രൻ (സ്റ്റാഫ് സെക്രട്ടറി)
6. പി. സുരേഷ് ബാബു (കൈയ്റ്റ് മാസ്റ്റർ)
7. കെ.ആർ.രജനി (കൈറ്റ് മാസ്റ്റർ )
8. കെ.ഉഷാറാണി (കൺവീനർ ,വിദ്യാരംഗം )
9. പി.സുനിത (PSITC)
10. ഷീജ.കല്യാടൻ ( SRG കൺവീനർ)
11. അഞ്ജന.കെ. (സ്കൂൾ ലീഡർ )
12. അഷിൻ.ജി (കൈറ്റ് അംഗം )
13. വർണിക.കെ ( കൈറ്റ് അംഗം )

## താളുകൾ മറിയുമ്പോൾ


.........................................................................................................19, 27, 36, 39p., 48
അമ്മയാണെൻ സത്യം.......................................................................................................10
ആ ഒരു പ്രതീക്ഷയിൽ അയാൾ മുന്നോട്ട് നടന്നു...............................................................32
ഇരുട്ടെന്ന സുഹൃത്ത്.......................................................................................................46
എൻെറ അദ്ധ്യാപകൻ.......................................................................................................28
ഐ ടി ക്വിസ്.......................................................................................................18
ഗുരു എന്ന പാഠം.......................................................................................................11
ധനികനായ കച്ചവടക്കാരൻ.......................................................................................................45
നീലാകാശം.......................................................................................................40
പണിതീരാത്തവ.......................................................................................................12
പൂക്കൾ.......................................................................................................23
പ്രകൃതി.......................................................................................................26
മരം.......................................................................................................27
മൽസ്യകന്യകയും മീൻപിടുത്തക്കാരനും.......................................................................................................48
മൂന്നു രാജകുമാരിമാർ.......................................................................................................43
മൈസൂരിലേക്കൊരു യാത്ര.......................................................................................................13
ലാൽസലാം സഖാവേ.......................................................................................................39
വികൃതി മാളു നല്ലവളായെ.......................................................................................................36
വിദ്യാലയ ചരിത്രം.......................................................................................................8
വിശപ്പിൻെറ എതിർപ്പ്.......................................................................................................20
സന്ധ്യ.......................................................................................................36
സൗഹൃദം അതാണ് സത്യം.......................................................................................................24
റോസാപ്പൂവ്.......................................................................................................42

# വിദ്യാലയ ചരിത്രം




മനുഷ്യനെ മനുഷനാക്കുന്നതിൽ വിദ്യാഭ്യാസത്തിന് പരമപ്രധാനമായ സ്ഥാനമാണ് ഉള്ളത്.ഗുണമേന്മയുള്ള വിദ്യാഭാസം കുട്ടിയുടെ അവകാശമാണ്.മനുഷ്യത്വമുള്ള പൗരന്മാരെ സൃഷ്ടിക്കലാണ് വിദ്യാഭ്യാസത്തിന്റെ മുഖ്യലക്ഷ്യം.സമൂഹ്യ പരിവർത്തനത്തിനുതകുന്ന വിശകലനാത്മകവും വിമർശനാത്മകവും സർഗാത്മകവുമായ കഴിവുവളർത്തൽ, മറ്റുള്ളവരുടെപക്ഷത്തു നിന്ന് നോക്കിക്കാണൽ,പരിസ്ഥിതി സംരക്ഷണത്തിലൂന്നിയ ജീവിതവീക്ഷണം വളർത്തിയെടുക്കൽ,ചരിത്രബോധത്തിന്റേയും ശാസ്ത്രബോധത്തിന്റേയും അടിസ്ഥാനത്തിൽ പ്രശ്നങ്ങളെ സമീപിക്കാനുള്ള ശേഷി ആർജിക്കൽ,ഉപജിവനത്തിനും അതിജീവനത്തിനും ഉള്ള കരുത്ത് നൽകൽ,തുടങ്ങിയ മൂല്യങ്ങൾ വളർത്തിയെടുക്കലാണല്ലോ വിദ്യാഭ്യാസത്തിന്റെ മറ്റുലക്ഷ്യങ്ങൾ.ഈ ലക്ഷ്യങ്ങളുഅ നേടിയെടുക്കുന്നതിന് അനുയോജ്യമായ രീതിയിലായിരിക്കണം വിദ്യാഭ്യാസപ്രക്രിയ ആസൂത്രണം ചെയ്യേണ്ടത്.അക്കാഡമികമായ മാറ്റങ്ങളും അതിനനുയോജ്യമായ ഭൗതികമാറ്റങ്ങളും വിദ്യാലയങ്ങളിൽ വരുത്തിക്കൊണ്ടു മാത്രമേ ഈ ലക്ഷ്യങ്ങൾ കൈവരിക്കാനാവൂ.പൊതു വിദ്യാഭ്യാസം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ അടിയന്തിരമായ ഇടപെടൽ ആവശ്യമായ സന്നിഗ്ധ ഘട്ടത്തിലാണ് സംസ്ഥാന ഗവർൺമെന്റ് .

'പൊതു വിദ്യാഭ്യാസ സംരക്ഷണയത്നം'പ്രഖ്യാപിച്ചിട്ടുള്ളത്.പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയും അതുവഴി സ്കൂളുകളെ അന്താരാഷ്ട്രതലത്തിലേക്ക് ഉയർത്തുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്.

കണ്ണൂർ ജില്ലയിലെ ഉൾനാടൻ ഗ്രാമമായ കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമാണ് ചട്ടുകപ്പാറ ഗവ:ഹയർസെക്കന്ററി സ്കൂൾ. 35.1 ചതുരശ്ര കി.മി വിസ്തൃതിയിലുള്ള ഈ അവികസിത ഗ്രാമപഞ്ചായത്തിൽ 1981 വരെ ഹൈസ്കൂൾ പഠനത്തിന് സൗകര്യമുണ്ടായിരുന്നില്ല.1981 ൽ ഇവിടെ ഒരു ഹൈസ്കൂൾ അനുവധിച്ചു കിട്ടുന്നതിനായി അന്നത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ കെ.വി രവി ചെയർമാനും ശ്രീ ടി.സി.കൃഷ്ണൻ മാസ്റ്റർ കൺവീനറുമായ 25 അംഗ കമ്മിറ്റി പ്രവർത്തനമാരംഭിച്ചു.ഒരു പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ എന്ന് നായനാർ സർക്കാറിന്റെ പ്രഖ്യാപിത നയം കൂടി ഒത്തുചേർന്നപ്പോൾ 1981 ജൂലായിൽ കുറ്റ്യാട്ടൂർ ഗവ:ഹൈസ്കൂൾ അനുവധിച്ച് സർക്കാർ ഉത്തരവായി.ഒരു യു.പി സ്കൂൾ കൂടി അനുവധിക്കണമെന്ന കമ്മിറ്റിയുടെ അപേക്ഷപ്രകാരം ചട്ടുകപ്പാറ ഗവ:യു.പി സ്കൂൾ കൂടി അനുവധിച്ചു.കമ്മിറ്റിയുടെ തീവ്ര പരിശ്രമത്തിന്റെ ഭാഗമായി 4 ഏക്കർ സ്ഥലം വിലയ്ക്ക് വാങ്ങാനും ഗവൺമെന്റിനെ ഏൽപ്പിക്കാനും സാധിച്ചു.കെട്ടിടസൗകര്യമുണ്ടാകുന്നതുവരെ ചോരപ്പൻ കുഞ്ഞിരാമൻ എന്ന കർഷകന്റെ,വർക്ക് ഷെഡിലാണ് രണ്ട് സ്കൂളിന്റേയും ക്ലാസുകൾ നടന്നത്.സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശത്തുനിന്നും സ്ഥലമെടുപ്പിനും കെട്ടിടനിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സമാഹാരണം നടത്തുക വളരെ ക്ലേശകരമായിരുന്നു.കെട്ടിടനിർമ്മാണ സാമഗ്രികളും പണവും ജനങ്ങൾ നിർലോഭമായി നൽകുകയുണ്ടായി.മതിയാവാത്ത തുക കമ്മിറ്റി അംഗങ്ങൾ ലോണായി സംഘടിപ്പിച്ചു.1983 ജൂൺ 6 ന് 6 മുറികളുള്ള ആദ്യ കെട്ടിടത്തിന്റെ ഉദ്ഘാടനം ശ്രീ എം വി രാഘവൻ എംഎൽഎ നിർവഹിച്ചു.കടെ വീട്ടുന്നതിനായി കൊളച്ചേരി പഞ്ചായത്ത് മിനി സ്റ്റേഡിയത്തിൽ വച്ച് നാടകം കളിപ്പിച്ചു.1984 മാർച്ച് മാസം ആദ്യത്തെ എസ് എസ് എൽ സി ബാച്ച് പരീക്ഷ എഴുതി.2004 ൽ ഹയർ സെക്കന്ററിയായി ഉയർത്തപ്പെട്ടു.സയൻസ്,കൊമേഴ്സ് ബാച്ചുകളാണ് അനുവദിക്കപ്പെട്ടത്.2005 ൽ സ്കൂൾ സ്ഥലത്തോട്ടു ചേർന്ന് കിഴക്കുഭാഗത്തു കിടക്കുന്ന 19 സെന്റ് ഭൂമി കൂടി പി ടി എ വിലക്കുവാങ്ങി.ജില്ലാ പഞ്ചായത്ത് ഫണ്ട്,എം.പി.ഫണ്ട് ,എസ്. എസ്. ഫണ്ട് എന്നിവ ഉപയോകിച്ച് അത്യാവശ്യ കെട്ടിട സൗകര്യമൊരുക്കി.

oooooooooooooooooooooo

# അമ്മയാണെൻ സത്യം

അജന്യ സി എം

X .ബി



എന്നുമെൻ ഉള്ളിൽ തുടിക്കുന്ന ഹൃദയമാ–
ണെന്നുമിന്നുമെന്നമ്മ
ആത്മാവിലും ഈ ഭൂ ജീവിതത്തിലും
എന്നുമെൻ പ്രാണനാണമ്മ
ആദ്യാക്ഷരം – ചൊല്ലി എന്നെ പഠിപ്പിച്ച
ഇപ്പോഴും പാഠങ്ങൾ ചൊല്ലീടുന്നു
അമ്മയ്ക്ക് പകരമായി ആരുമെന്നുള്ളിൽ
ഇന്നോളമില്ല മനം കവരാൻ
ഏതു തണുപ്പത്തും അമ്മതൻ
ചൂടേററ് പൊത്തിയുറങ്ങാൻ
ഈ ലോകത്തു അമ്മയ്ക്ക് പകരമായി
ആരുമില്ല ആരുമില്ല
ഇന്നുമെന്നുള്ളിൽ ഒരേയൊരു സത്യം
അമ്മതൻ വാക്കുകളാണത്ഐ ടി ക്വിസ് 18


00000000000000000

# ഗുരു എന്ന പാഠം

നിധിയ കെ VII ഡി



അക്ഷരവാതിൽക്കൽ സ്നേഹം
വിടർത്തി
അറിവിന്റെ  ലോകങ്ങൾ മായാപാഠം
 അക്ഷരവാതിൽ തുറപ്പിക്കും നമ്മെ
പുസ്സ്കം ഓരോന്നായി പഠിപ്പിക്കും
നമ്മെ
ഗുരു എന്ന വാക്ക് മറക്കുമ്പോൾ
ലക്ഷ്യങ്ങൾ ഓരോന്നായി മറന്നീടും നമ്മൾ
മായലോകത്തിൻ വാതിൽ തുറന്ന്
അരുതമായ പടികൾ കയറി
എന്നെന്നും തണലായി നിൽക്കുമെൻ ഗുരു
മായാകാഴ്ചകൾ കാണിച്ച്
അക്ഷരലോകത്ത് കൊണ്ടുപോകും.
ഓരോവയ്പ്പും ഗുരുവിന് തണലായി
ചേർത്തീടാം ഒരു പുതുലോകം



# പണിതീരാത്തവ

രതി കണിയാരത്ത് (ടീച്ചർ )



വഴിയരികിലെ
നെഞ്ചിനുള്ളിലുയർത്തിയത്
പിറക്കാതെ പോയ
പിഞ്ചുകുഞ്ഞിൻ കരച്ചിൽ...
പൂർത്തിയാവാത്ത
മോഹന സ്വപ്നങ്ങളുടെ
ജീവിച്ചിരിക്കുന്ന
രക്തസാക്ഷി സ്മാരകങ്ങൾ
പ്രണയികൾ
സ്നേഹ ക്കായലിൽ
പടുത്തുയർത്തിയ
സാക്ഷാത്ക്കരിക്കാത്ത
മഞ്ഞു മാളികകൾ പോൽ
ചിലത്
എരിഞ്ഞുതുടങ്ങിയവരുടെ
സ്വപ്നങ്ങളെങ്കിൽ
ചിലത്
എരിയുന്ന ജീവനുകളുടേതാണ്
പണിതീരാത്ത വീടുകൾ
കിളിക്കൂടിനുതകുന്ന

000000000000000

# മൈസൂരിലേക്കൊരു യാത്ര

അരുണിമ കെ കെ X സി



എന്നെ സംബന്ധിച്ചെടുത്തോളം ഇത്തവണത്തെ സ്കൂൾ ടൂർ ഒരു സംഭവബഹുലമായിരുന്നു.യാത്രയ്ക്ക് രണ്ടു ദിവസം മുൻപു വരെ പോകാൻ കഴിയുമെന്ന യാതൊരു പ്രതീക്ഷയും ഉണ്ടായിരുന്നില്ല.ജില്ലാതല ശാസ്ത്രമേളയിലേക്ക് എനിക്ക് സെലക്ഷൻ കിട്ടിയതായിരുന്നു.കാരണം പരുപാടിയും ടൂറും ഒരേ ദിവസമാണെന്നറിഞ്ഞ ദിവസം ഞാനെത്ര നിർഭാഗ്യവതിയാണെന്ന് ചിന്തിച്ചുപോയി.അവസാനം എന്റെ സങ്കടം കണ്ടും കൂട്ടുകാരുടെ പ്രേരണ മൂലവും അച്ഛൻ ടൂറിന് പോകാൻ സമ്മതം നൽകി.അവിടെ മുതലാണ്– ഞാനെന്റെ യാത്ര മാനസികമായി ആരംഭിക്കുന്നത്.നവംബർ 9 ന് ഉച്ചയ്ക്ക് ശേഷം വീട്ടിലേക്ക് പോകുമ്പോ സ്കൂളിലെ കൂട്ടുകാരുടെ അടുക്കൽ നിന്ന് കിട്ടിയ യാത്രയയപ്,അതൊരു സംഭവമായിരുന്നു.ടൂറു പോയിട്ട് വരുമ്പോൾ വല്ലതും കിട്ടുമെന്ന പ്രതീക്ഷയിലാണോയെന്നറിഞ്ഞുകൂടാ.... അവർ സ്കൂൾ ഗേറ്റ് വരെ വന്ന് യാത്ര പറഞ്ഞു.പിന്നെ വീട്ടിലെത്തി ഒരു ഉറക്കവും കഴിഞ്ഞാണ് ഭാക്കി ഒരുക്കങ്ങളൊക്കെ ആരംഭിച്ചത്.കാരണം ബസ്സിൽ നിന്ന് ഉറങ്ങാൻ കഴിയുമെന്ന യാതൊരു പ്രതീക്ഷയും ഉണ്ടായിരുന്നില്ല.

അങ്ങനെ കൃത്യം 8:30 ന തന്നെ ഞാൻ സ്കൂളിലെത്തുമ്പോൾ സ്കൂൾ ഗേറ്റിനു മുന്നിൽ നിറഞ്ഞ ചിരിയോടെ നിൽക്കുന്ന കൂട്ടുകാരെയും അൽപം ടെൻഷൻ നിറഞ്ഞ മുഖത്തോടു കൂടിയ അച്ഛനമ്മമാരെയുമാണ് ഞാൻ കണ്ടത്.ശേഷം ഹെഡ്നമാസ്റ്ററും മറ്റു ടീച്ചേഴ്സും വേണ്ടുന്ന നിർദ്ദേശങ്ങളെല്ലാം നൽകി,10 വീതെ കുട്ടികളടങ്ങുന്ന ഗ്രൂപ്പൊക്കെ ആക്കി തിരിച്ചു.അങ്ങനെ ബസ്സിൽ കയറി.ആഗ്രഹിച്ചതുപോലെ തന്നെ കൂട്ടുകാരുടെ കൂടെ തന്നെ ഇരിക്കാൻ കഴിഞ്ഞു.യാത്രയാരംഭിച്ചു.പോകുമ്പോൾ ക്ഷീണിക്കേണ്ട എന്നു കരുതി ഡാൻസ് കളിക്കണ്ട എന്ന് ഞങ്ങൾ ആദ്യമേ തീരുമാനിച്ചിരുന്നു.അങ്ങനെ

തന്നെ നടന്നു.ഒരു ടൂറിനു വേണ്ട സ്പിരിറ്റോടു കൂടിത്തന്നെ 'ആനന്ദം' സിനിമയും കണ്ട് ഒരു ചെറിയ മയക്കത്തിനു ശേഷം പിറ്റേന്ന് പുലർച്ചെ ഞങ്ങൾ താമസ സ്ഥലത്തെത്തി.കഴിഞ്ഞതവണത്തെ ഹോട്ടലിനെ കുറിച്ച് കേട്ട കാര്യങ്ങളെ അപേക്ഷിച്ച് ഇത്തവണത്തേത്, പോരാ....എന്ന അഭിപ്രായമുണ്ടായിരുന്നു.എന്നാൽ അവസാന നിമിഷം ഇതു തന്നെ ലഭിച്ചത് ഭാഗ്യമാണെന്ന് പിന്നീടാണ് തിരിച്ചറിഞ്ഞത്.

അവിടെ നിന്ന് കുളിച്ച് ഫ്രഷ് ആയി പത്തലും കടലക്കറിയും കഴിച്ച് ഞങ്ങൾ സെന്റ് ഫിലോമിന ചർച്ചിലേക്ക് പോയി.അതിന്റെ ഉയരം അതിശയിപ്പിക്കുന്നതായിരുന്നു.അകത്ത് കടന്നപ്പോൾ ഏത് ഭാഷയാണോ എന്നറിഞ്ഞുകൂടാ......ഒരാൾ എന്നോട് എന്തോ ചോദിച്ചു.എവിടെ നിന്നാണ് വരുന്നത് എന്നാണ് അയാൾ എന്നോട് ചോദിച്ചത്.അത് ഞാനെന്റെ യുക്തി ഉപയോഗിച്ച് കണ്ടുപിടിച്ചു.kerala എന്ന എന്റെ മറുപടി കേട്ടപ്പോൾ oh,kerala എന്ന അയാളുടെ മറുപടിയിൽ ഒരതിശയോക്തി കടന്നുവന്നിട്ടുണ്ടോ എന്ന് എനിക്ക് സംശയമില്ലാതില്ല.പള്ളിക്കകത്തെന്നെ വിസ്മയിപ്പിച്ച ഒന്ന് ,അവിടോക്കുള്ള സംഭാവനകൾ നടത്തിയവരുടെ പേരുകൾ മുഴുവൻ അവിടെ കൊത്തിവച്ചിട്ടുണ്ടായിരുന്നുയെന്നതാണ്.ഒരു 10 രൂപയിട്ടാൽ ഞങ്ങളുടെയും പേരെഴുതുമോ എന്നൊക്കെ ഞങ്ങൾ കൂടെയുള്ള ഗൈഡിനോട് ചോദിച്ചു.ശേഷം പുറത്തിറങ്ങിയ ഞങ്ങൾ കണ്ട കാഴ്ച എന്നിൽ അദ്ഭുതം ഉണർത്തി.അവിടത്തെ ഒരു സ്കൂളിലെ അസംബ്ലി...സംഗീതകമ്പടിയോടെ അണുകട്ട തെറ്റാതെയുള്ള നിരയോടെയും വരിയോടെയും കുട്ടികൾ അവിടെ നിൽക്കുന്നത് കണ്ടപ്പോൾ എന്തെന്നില്ലാത്ത ഒരസൂയ ഉണ്ടായി.അവിടുന്ന് ഞങ്ങൾ ഫോട്ടോയൊക്കെ എടുത്ത് നേരെ ചെന്നത് Zoo യിലേക്കാണ്.അകത്ത് കടന്നത് വളരെ ഉൻമേഷത്തോടെ ആണെങ്കിലും പുറത്തേക്കു വന്നത് ക്ഷീണിച്ച് അവശനിലയിലാണ്.നടന്ന് നടന്ന് ഒരു വകയായി.എന്നു തന്നെ പറയാം.എങ്കിലും ഇരുവരെ ടി വി യിൽ മാത്രം കണ്ടിട്ടുള്ള പല മൃഗങ്ങളേയും നേരിൽ കാണാൻ സാധിച്ചതു എന്നതുതന്നെ ഭാഗ്യം

ശേഷം ഉച്ചഭക്ഷണമായി സാമ്പാറും ചോറും കഴിച്ച് നേരെ ഞങ്ങൾ മൈസൂർ പാലസ്സിലേക്ക് ചെന്നു.കണ്ടിച്ചുള്ളതിലെ മനോഹരങ്ങളായ സ്ഥലങ്ങളിലൊന്നായിരുന്നു അവിടം.ഒരു ഗ്രൂപ്പിലെ 10 പേരും കൈകോർത്തുകൊണ്ടും പാലസ് മുഴുവൻ ഞങ്ങൾ ചുറ്റിക്കണ്ടു.തിരക്കിനിടയിൽ ഞങ്ങളുടെ കൈകോർക്കലിന്റെ ഫലമായി ഒരുപാടു പേരുടെ കയ്യിൽ നിന്ന് ചീത്ത കേൾക്കേണ്ടി വന്നു.എല്ലാം

തമാശയായിരുന്നു.പാലസിനുള്ളിലെ കാഴ്ച വളരെ മനോഹരമായിരുന്നു.ആ തിരക്കിൽ നിന്ന് പുറത്തിറങ്ങിയപ്പോൾ സന്തോഷം തോന്നി.പിന്നീട് ഞങ്ങൾ പക്ഷിവളർത്തൽ കേന്ദ്രത്തിലേക്ക് പോയി.അവിടെ ഒരു പക്ഷിയെ നോക്കി ചുമ്മാ എന്റെ ഫ്രണ്ട് അരുണിമേ എന്ന് വിളിച്ചപ്പോൾ ഉണ്ടായ അതിന്റെ പ്രതികരണം കേട്ട് ഞാൻ ഞെട്ടിപ്പോയി.അന്ന് കുറേ ചിരിക്കാനുള്ള വകയായിരുന്നു അത്.അതിനു ശേഷം ഞങ്ങൾ ചാമുണ്ഡി ഹില്ലിൽ ചെന്നു.അവിടെയുള്ള വലിയ പ്രതിമയ്ക്ക് മുന്നിൽ ചെന്ന് ഗ്രൂപ്പ് ഫോട്ടോ എടുത്തു.2 പേരൊഴികെ ബാക്കി എല്ലാവരും ഓരോ കോപ്പി വീതം ഓരോ കോപ്പി വീതം വാങ്ങിയിരുന്നു.ശേഷം പല കടകളും താണ്ടി മൈസൂരിന്റെ മൊത്തം വ്യൂ ലഭിക്കുന്നയിടത്ത് ഞങ്ങൾ ചെന്നു.സന്ധ്യ മയങ്ങുന്ന നേരം ഓരോ വീടുകളിലും പ്രകാശം തെളിഞ്ഞുവരുമ്പോൾ ഞങ്ങളുടെ ഉള്ളിലും പ്രകാശം നിറയുകയായയരുന്നു.മടങ്ങുമ്പോൾ ഓരോ കടയിലും ചെന്ന് നടത്തിയ വിലപേശൽ,അത് മറക്കാൻ കഴിയാത്തതാണ്.അപ്പോഴാണ് ഒരു കാര്യം ശ്രദ്ധിച്ചത്.അവിടുള്ള കച്ചവടക്കാരെല്ലാംപ്രായഭേദമന്യേ ഞങ്ങളെ ചേച്ചി എന്നാണ് വിളിച്ചിരുന്നത്.ആദ്യമൊക്കെ സങ്കടം തോന്നി.പിന്നെ പതിയെ അത് തമാശയായി.അതിനിടയിൽ സ്വാതിയോട് പൈസ ചോദിക്കുന്ന ഒരു കടക്കാരൻ `ശ്രീക്കുട്ടീ കൊട്,കൊട്" എന്ന് പറഞ്ഞു.ആ സമയം ഞങ്ങൾ ചിരിച്ചതിന് കണക്കൊന്നുമില്ലായിരുന്നു.ചിരിച്ചൊരു വകയായി എന്നു പറയാം.കൂടാതെ 150 രൂപയുള്ള ഒരു മാല 70 രൂപയാക്കി കുറച്ചു തന്ന ഒരു ചേച്ചിയുടെ പെരുമാറ്റം എനിക്ക് വളരെ ഇഷ്ടപ്പെട്ടു.

അങ്ങനെ അല്ലറചില്ലറ ഷോപ്പിങ്ങൊക്കെ കഴിഞ്ഞ് തിരിച്ച് ഹോട്ടലിലെത്തിയ ഞങ്ങളെ കാത്തിരുന്നത് ഒരു സ്പെഷൽ വിരുന്നായിരുന്നു.camp fair.ഇത്തവണത്തെ ടൂറിന്റെ നിർണായകമായ അനുഭവം.എല്ലാവരുടെയും ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന കലാകാരൻമാരൊക്കെ വെളിയിലേക്കു ചാടിയോ എന്നൊരു സംശയം .സംശയം മാത്രമല്ല.അതാണ് സത്യം.പലരുടേയും തനിസ്വരൂപം കാണാൻ പറ്റിയത് അവടെ വച്ചാണ് .സുരേന്ദ്രൻ മാഷും ബൈജു മാഷുമൊക്കെ എന്തൊരു കിടിലൻ ഡാൻസായിരുന്നു.ഞെട്ടിച്ചുകളഞ്ഞു.

ടൂറിന് വരാത്തവർക്കൊക്കെ ഏറ്റവും വലിയ നഷ്ടം ആ കാംപ് ഫെയറായിരുന്നു.

അങ്ങനെ കാംപ് ഫെയറും കഴിഞ്ഞ് നെയ്ച്ചോറും ഇറച്ചിയും ഒക്കെ അകത്താക്കി.കുറച്ചു നേരത്തേക്ക് വരാന്തയിലിരുന്ന് ഞങ്ങൾ 5,10 പേർ

വർത്താനമൊക്കെ പറഞ്ഞ് കളിച്ച് ഫ്രഷായി കിടന്നു.മയക്കത്തിലൊന്നും അറിഞ്ഞില്ല എന്നത് വാസ്തവം തന്നെയാണ്.വെട്ടിയിട്ട വാഴപോലെ കിടന്നുറങ്ങി.ഫ്രണ്ട്സിന്റെ കൂടെയായതു കൊണ്ടാണോ എന്നറിയില്ല....ആ ഉറക്കത്തിന് എന്തൊക്കെയോ പ്രത്യേകതകളുണ്ടായിരുന്നു.

പിറ്റേന്ന് രാവിലെ അലാറം കേട്ട് ഞാനാണാദ്യം ഉണർന്നത്.എന്നിട്ട് ഫ്രഷ് ആയി പുട്ടും കടലയും കഴിച്ച് ഫോട്ടോ
ഒക്കെ എടുത്ത് ഞങ്ങളിറങ്ങി.വാട്ടർ ജയിലിലേക്ക്.അതൊരു പ്രത്യേകസ്ഥലം തന്നെ ആയിരുന്നു.ശേഷം ഒരമ്പലത്തിലേക്കാണ് പോയത്.എല്ലാവരും ഉള്ളിൽ കയറി.ഞങ്ങൾ കുറച്ചുപേർ പുറത്തുനിന്ന് കരിക്കൊക്കെ കുടിച്ച് അവിടെ നിന്നു.എന്നിട്ട് നേരെ ത്രിവേണി സംഗമത്തിലേക്കു പോയി.അവിടെ നിന്ന് ഞാൻ പരിചയപ്പെട്ട ഒരു ചേച്ചി അതിന്റെ പ്രത്യേകതകളൊക്കെ പറഞ്ഞുതുകേട്ടപ്പോ ആ വെള്ളത്തിലൊന്നു കാലുകുത്തിയിട്ടാ തിരിച്ചു വന്നേ. ശേഷം നേരെ ടിപ്പുസുൽത്താന്റേയും അദ്ദേഹത്തിന്റെ അച്ഛന്റെയും അമ്മയുടെയും ശവകുടീരം കാണാൻ ചെന്നു.താജ്മഹലിനോട് സാദൃശ്യമുള്ള ആ കെട്ടിടം എന്നെ ഏറെ ആകർഷിച്ചിരുന്നു.അതിനു ശേഷം hand made വസ്തുക്കളുടെ ഒരു ഷോപ്പിൽ പോയി.അവിടുത്തെ സാധനങ്ങളുടെ വില കേട്ടപ്പോൾ തലചുറ്റിപ്പോയി.ഒരാൾ ഒരു പെയിന്റിങ് നിർമ്മിക്കുന്നത് ഞങ്ങൾ നേരിട്ടു കണ്ടു.

അന്നറിയില്ല.അവിടം എനിക്കത്ര രസിച്ചില്ല.അതിന് ശേഷമാണ് the most wonderful സ്ഥലത്തേക്ക് ഞങ്ങൾ പോയത്.വൃന്ദാവനത്തിലേക്ക് .കിലോമീറ്ററുകളോളം വിസ്തൃതിയുള്ള ആ സ്ഥലത്തുമായിരുന്നു ഞങ്ങളുടെ പ്രധാന ഫോട്ടോ സെക്ഷൻ.പൂക്കളും ചെടികളുമൊക്കെ നിറഞ്ഞ ആ സ്ഥലം വളരെ വളരെ മനോഹരമായിരുന്നു.അവസാനത്തെ സെക്ഷനായിരുന്നു ലേസർ ഷോ ആയിരുന്നു.വളരെ ഉൽസാഹത്തോടെ കൂവലും കൈയടിയും ഒക്കെയായി ഞങ്ങൾ ആസ്വദിച്ചു.അതും കഴിഞ്ഞ് അവിടെനിന്നും ബസ്സ് വരെയുള്ള നടത്തം,
ഹോ...അതൊരു സംഭവമായിരുന്നു.5 പേര് വീതം ഗ്രൂപ്പാക്കിത്തിരിച്ചത് എത്ര നന്നായി എന്ന് ഓർത്തുപോയി.ഞങ്ങൾ 5 പേരും കൂടി ഞങ്ങളുടെ ഗ്രൂപ്പിന്റെ ടീച്ചറായ ഷീജട്ടീച്ചറെ യാതൊരു പരിക്കും പറ്റാതെ മറ്റു ടീച്ചേഴ്സിന്റെ അടുക്കൽ കൊണ്ടുചെന്നാക്കി എന്നതാണ് വാസ്തവം.അതിനിടയിൽ ജീനയുടെ ഉടുപ്പൊക്കെ ടീച്ചറുടെ കയ്യിലായിരുന്നു.കൂട്ടം തെറ്റിപ്പോയതിൽ ഉണ്ടായ പരിഭ്രമത്തിൽ ഞങ്ങൾ ആനന്ദം കണ്ടെത്തിയിരുന്നു.സുരേന്ദ്രൻ മാഷ് തൊപ്പി സിഗ്നലാക്കി ഞങ്ങളെയെല്ലാവരെയും

ബസ്സിലെത്തിച്ചു.അവിടുന്ന് തിരിച്ച് റൂമിൽ പോയി ബിരിയാണിയൊക്കെ കഴിച്ച് ബാഗൊക്കെയെടുത്ത് തിരികെ യാത്രയായി.ആദ്യമൊക്കെ ചെറിയ കശപിശ ഉണ്ടായെങ്കിൽ പിന്നീടു മുഴുവൻ കളിച്ചു തിമിർത്തു ഞങ്ങൾ തിരികെ യാത്രപുറപ്പെട്ടു.

ഈ കൊച്ചു സ്കൂൾ ജീവിതത്തിനിടയിലെ നല്ല കുറേ നിമിഷങ്ങൾ....

ഈ ഓർമ്മകൾ മറക്കാതിരുന്നില്ലെങ്കിൽ.................വിടെനിന്ന് ഞങ്ങൾ പുറപ്പെട്ട് ചിക്കനും ചോറും കഴിച്ച് ശേഷം summer palace ലേക്കു പോയി.എന്താണെ

ooooooooooooooooooo

# ഐ ടി ക്വിസ്

അദ്വൈത് പി

IX .എ



1.ഏത് വർഷത്തിലാണ് വിൻഡോസ് 3 വിപണിയിലിറക്കിയത്?

മെയ്, 1990

2. ഒരു കെ ബി എത്ര ബൈററാണ്?

1024

3. സൂപ്പർ കമ്പ്യൂട്ടർ കണ്ടുപിടിച്ചതാര്?

സേമൂർ ക്രേ

4 . കമ്പ്യൂട്ടറിലെ പ്രധാന മൂന്ന് മെമ്മറികൾ ഏതെല്ലാം?

A. RAM
B. ROM
C. CASHE

5.മോഡം കണ്ടുപിടിച്ചതാര്?

AT& T INFORMATION SYSTEMS ,USA

6 ARTIFICIAL INTELLIGENCE ൻെറ പിതാവ്?

അലൈൻ ട്യൂറിംഗ്

7 യൂസർ ഫ്രണ്ട് ലി എന്നറിയപ്പെടുന്ന കമ്പ്യൂട്ടർ?

പേഴ്സണൽ കമ്പ്യൂട്ടർ

8 പ്രശ്നങ്ങൾക്ക് കമ്പ്യൂട്ടർ മുഖേന പരിഹാരം കാണാൻ കമ്പ്യൂട്ടറുകൾക്ക് നൽകുന്ന നിർദ്ദേശപ്പട്ടിക എന്താണ്?

കമ്പ്യൂട്ടർ പ്രോഗ്രാം

9 കമ്പ്യൂട്ടറുമായി വാർത്താവിനിമയം നടത്താൻ ഏത് ഭാഷയിൽ നിർദ്ദേശങ്ങൾ അയയ്ക്കണം?

10 ഏററവും ചെറിയ കമ്പ്യൂട്ടർ?

മിഷിഗൺ മൈക്രോഫോർട്ട്

○○○○○○○○○○○○○○○

# വിശപ്പിൻെറ എതിർപ്പ്

ഗോപിക കെ XA



എന്തിനുള്ള വിശപ്പായിരുന്നു...
സ്നേഹത്തിനോ സ്വാതന്ത്രത്തിനോ...?
എന്തിനുള്ള വിശപ്പായിരുന്നു...
അടിമചങ്ങല പൊട്ടിച്ചെറിയാനോ?
ഞാൻ ഇന്ത്യൻ പൗരനല്ലയോ
അവകാശങ്ങൾ എനിക്കമില്ലയോ
കഴുത്തിലെ അടിമചങ്ങല പൊട്ടിച്ചെറിഞ്ഞു
കൂടയോ
അതരുത് ഇതരുത് പിന്നെയെന്ത്....?
എഴുതരുത് ...വരയ്ക്കരുത്....ശബ്ദിക്കരുത്
താഴിട്ടു പൂട്ടിയ മനുഷ്യൻെറ ജനലുകൾ
തുറക്കുന്നതെപ്പോഴാണ്
?
കയറിട്ടുകെട്ടിയ കൈകൊണ്ട് തടുക്കുന്നതെപ്പോഴാണ്?
എന്തിനുള്ള വിശപ്പായിരുന്നു ....
അടച്ചുമൂടിയ വായ തുറക്കാനുള്ളതോ...?
എന്തിനുള്ള വിശപ്പായിരുന്നു ....
മൂടിക്കെട്ടിയ കണ്ണുകൾ തുറക്കാനുള്ളതോ?

തൂലിക പടവാളാക്കാനുള്ള അവകാശം

ഭരണഘടന നിഷേധിച്ചതെപ്പോഴാണ്?

ആശയങ്ങൾ പരിചയാക്കാനുള്ള അവകാശം

കുഴിച്ചുമൂടിയതെന്നാണ്?

വിശപ്പ്... അതെന്തിനായിരുന്നു....?

നേടിയെടുക്കാനായിരുന്നില്ലേ

നേടിയെടുത്തില്ല...നേടാനും വിട്ടില്ല....

വലുത് അവരല്ലേ'ദലിത്' ഞാനും

വിശപ്പ്...അടിച്ചമർത്തപ്പെടുമ്പോൾ

ഉയരുന്ന തീജ്വാല

വിശപ്പ്...നാവ് മുറിച്ചെടുക്കുമ്പോൾ

ചിന്തുന്ന തീപ്പൊരി

കറുപ്പുള്ളിടത്തോളം കാലം വിശപ്പുമുണ്ടാകും

അസ്വാതന്ത്ര്യമുള്ളിടത്തോളം കാലം

എതിർപ്പുമുണ്ടാകും

വിശപ്പ് ഞങ്ങളെ ചൂണ്ടുന്നു

കറുപ്പ് അവരെയും

ഞങ്ങളുടെ വിശപ്പിൽ

ആകറുപ്പ് കത്തിയെരിയും

ഞങ്ങളുടെ എതിർപ്പിൽ

ആ ദുഷിപ്പ് അലിഞ്ഞില്ലാതാകും

'ഇന്ന് 'അവരുടേതായിരിക്കാം കറുപ്പിൻെറയും

'നാളെ ' ഞങ്ങളുടേതാണ് നിങ്ങളുടേതും

0000000000000000000

# പൂക്കൾ

അഭീഷ്ണ കെ .6 ഡി



തോട്ടം പുഴകളും പാടിയെത്തുന്നൊരു
പൂങ്കാവനങ്ങളും ഉണ്ടിവിടെ
പൂക്കൾക്ക് നല്ല സുഗന്ധമുണ്ട്
പൂക്കൾക്ക് നല്ല നിറമുണ്ട്
എന്നെന്നും ആടിക്കളിക്കലുണ്ട്
പാട്ടൊന്നു പാടിയാൽ ഏററു പാടും
വെള്ളവും വളവും നല്കേണം
എന്തൊരു ചന്തമീ പൂക്കൾക്ക്
പൂക്കൾ നല്ല പൂക്കളാണേ..
വർണം നിറഞ്ഞ പൂക്കളാണേ..
തോട്ടം പുഴകളും പാടിയെത്തുന്നൊരു
പൂങ്കാവനങ്ങളും ഉണ്ടിവിടെ ......

0000000000000000000

# സൗഹൃദം അതാണ് സത്യം

## കഥ

പണ്ട് പണ്ട് ഒരിടത്ത് ഒരു മുയലും ഒരു ആമയും സന്തോഷത്തോടെ ജീവിച്ചിരുന്നു.ലോകത്തിലെ ഏറ്റവും നല്ല കൂട്ടുകാരായിട്ടാണ് അവർ ജീവിച്ചിരുന്നത്.അവരിൽ ഒരാൾക്ക് എന്തെങ്കിലും പ്രശ്നം വന്നാൽ അത് മറ്റേയാളുടെയും പ്രശ്നമായാണ് അവർ കണക്കാക്കിയിരുന്നത്.ഒരു ദിവസം ആയും മുയലും നടക്കാൻ പോയി.അപ്പോഴാണ് ഒരു കുറുക്കൻ മുയലിനെ കണ്ടത്.ആ നിമിഷം തന്നെ കുറുക്കൻ പമ്മി പമ്മി മുയലിനെ പിടിച്ച് അതിന്റെ ഗുഹയിലേക്ക് കൊണ്ടുപോയി.അതു കണ്ട ആമ വേഗം അവരുടെ പിന്നാലെ തന്നെ പോയി.കുറുക്കൻ ഗുഹയിൽ നിന്ന് പോയ തക്കം നോക്കി ആമ ഗുഹയിൽ കയറി.കുറുക്കൻ മുയലിനെ കെട്ടിയിട്ടാണ് ഗുഹയിൽ നിന്ന് പോയത്.ആമ വേഗം മുയലിന്റെ കെട്ട് അഴിച്ചു കൊടുത്തു.എന്നിട്ട് അവർ രണ്ടു പേരും അവരുടെ വീട്ടിൽ പോയി.മുയൽ ആമയോട് നന്നി പറഞ്ഞു.അപ്പോൾ ആമ പറഞ്ഞു ഒരു സുഹൃത്തിനെ രക്ഷിക്കുന്നതിൽ നന്ദി ഒന്നും വേണ്ട, പ്രശനത്തിൽ നിന്നും ഒരു സുഹൃത്തിനെ രക്ഷിക്കേണ്ട കടമ സുഹൃത്തിനുണ്ട്,പിന്നെ

ആമയും മുയലും സന്തോഷത്തോടെ ആ വനത്തിൽ ജീവിച്ചു.ഒരിക്കലും അവരുടെ സൗഹൃദം നഷ്ടപ്പെട്ടിട്ടില്ല.

ഠഠഠഠഠഠഠഠഠഠഠഠഠ

# പ്രകൃതി

ശ്രേയ vii ഡി





മലകളും പുഴകളും മരങ്ങളും
ജീവികളും കുരുവികളും
നിറഞ്ഞതാണെന്റെ പ്രകൃതി
കുരുവികളും പാടി ഈണം
ഇട്ടും പുഴയുടെ ഓളത്തിൽ
നീന്തി തുടിച്ചും
മത്തിൻ ചില്ലയിലിരുന്ന്
മലകൾ കാണും
പ്രകൃതിയെന്നും
സ്നേഹിച്ചും
എന്റെ പ്രകൃതി നമ്മുടെ പ്രകൃതി
വർണാഭമായ പ്രകൃതി


oooooooooooooooo

# മരം



-ശ്രേയ vii ഡി

മാവ് മരത്തിൽ കയറി
മാങ്ങ പറിച്ച് കഴിച്ച്
മാമലകൾ കണ്ട്
മരത്തിൽ ഉറങ്ങി
മാവിൽ മാങ്ങകൾ
എന്റെ മരം



ooooooooooooo

# എൻെറ അദ്ധ്യാപകൻ

അനശ്രീ viii എ

മീനു കരയുകയായിരുന്നു.അവളുടെ ആ കണ്ണീരിൽ നിറയുന്നത് ആനന്ദമാണോ അതോ ആഹ്ലാദമാണോ ദു:ഖമാണോ ഏതാണെന്നറിയില്ല.കാര്യം ഇതാണ് മീനുവിൻെറ സ്കൂളിൽ പുതുതായി സോഷ്യൽ സയൻസ് വിഷയം പഠിപ്പിക്കാനായി ഒരു മാഷ് വന്നു. രാമൻ എന്ന് പേരുള്ള അദ്ദേഹം സൽസ്വഭാവിയായ ഒരു മാഷായിരുന്നു.എല്ലാ ദിവസവും ഹാജരായിരിക്കുന്ന ആ മാഷ് കുട്ടികളെ നല്ലതായി സ്നേഹിച്ചിരുന്നു. എല്ലാ കുട്ടികളേയും സമൻമാരായി കാണുന്ന ആ മാഷിനെ സ്കൂളിലെ എല്ലാകുട്ടികൾക്കും അധ്യാപകർക്കും ഇഷ്ടമായിരുന്നു.നന്നായി പഠിക്കുന്ന മീനുവിനെ മാഷിന് കൂടുതലായി ഇഷ്ടം. പാഠ്യവിഷയങ്ങൾ നന്നായി പഠിപ്പിച്ചുക്കൊണ്ടിരിക്കെ, ഒരു ദിവസം അദ്ദേഹം ക്ഷീണിതനായി നിലത്തുവീണു. കുട്ടികളെല്ലാം

നിലവിളിച്ചു.ഹെഡ്മാസ്ററും മററ് അധ്യാപകരും ഓടിവന്നു.കാരണം, ഇത്രയും നന്നായി പഠിപ്പിക്കുന്ന ഒരു മാഷും ആ സ്കൂളിലുണ്ടായിരുന്നില്ല.പിറ്റേന്ന് അദ്ദേഹം ആശുപത്രിയിൽ അഡ്മിററായി.കുട്ടികളെല്ലാരും മാഷിനെ ഒരു നോക്കുകാണാൻ ആശുപത്രിയിൽ ഓടിയെത്തി.പിന്നീട് അവർക്കാർക്കും ഒരു ഉൻമേഷവും ഉണ്ടായില്ല.എല്ലാവരും ക്ലാസിൽ മൂകരായിരുന്നു.സോഷ്യൽ സയൻസിന് പിന്നീടൊരു മാഷും അവരുടെ ക്ലാസിൽ വന്നില്ല.ഒരു സന്തോഷവാർത്ത കേട്ട് മീനുവിന്റെ ക്ലാസുണർന്നു.രാമൻമാഷ് രോഗം മാറിവന്നിരിക്കുന്നു എന്ന വാർത്തയായിരുന്നു അത്.അദ്ദേഹത്തിന് അററാക്കായിരുന്നതിനാൽ കുറേ ദിവസം ഹോസ്പിററലിൽ അഡ്മിററായിരുന്നു.വീണ്ടും പഠിപ്പിക്കാനായി വന്ന രാമൻസാറിനെ കുട്ടികളെല്ലാവരും സന്തോഷം കൊണ്ടുപൊതിഞ്ഞു.

പിന്നീടെല്ലാവർക്കും ഒരു ഉത്സാഹദിനമായിരുന്നു.കുട്ടികൾ ക്ലാസിൽ നിന്ന് കളിയും

ചിരിയുമായി നടന്നു.കുട്ടികളെക്കാളും സന്തോഷമായത് രാമൻസാറിനായിരുന്നു.പക്ഷെ രാമൻസാറിനെ അലട്ടിയ ഒരു
കാര്യം ഇതായിരുന്നു.ഡോക്ടർ അദ്ദേഹത്തോട് രോഗം പൂർണമായി മാറിയെന്ന് പറഞ്ഞിട്ടില്ല.ഇനിയിതുണ്ടാകാൻ സാധ്യതയുണ്ട്.അതുകൊണ്ടുതന്നെ മാഷെപ്പോഴും ചിന്താമൂകനായിരുന്നു. ഒററയ്ക്ക് ഒരു സ്ഥലത്ത് മാറിയിരിക്കും.പണ്ടത്തെപ്പോലെ പാഠ്യവിഷയങ്ങൾ പഠിപ്പിക്കാൻ ഉത്സാഹമില്ലാത്ത രാമൻസാറിനോട് എല്ലായ്പ്പോഴും കുട്ടികൾ ചോദിക്കും എന്താ സാറേ ഇങ്ങനെ ഒററയ്ക്കിരുന്നാലോചിക്കുന്നത്?അപ്പോഴൊക്കെ സാറെന്തൊക്കെയോ നുണകൾ പറഞ്ഞ് ഒഴിഞ്ഞുമാറിക്കൊണ്ടിരുന്നു.പക്ഷെ ഒരു ദിവസം മാഷ് എല്ലാ സത്യവും പറഞ്ഞു.അടുത്ത ദിവസം ഒരു ഞെട്ടിപ്പിക്കുന്ന വാർത്തകേട്ടാണ് ആ സ്കൂളുണർന്നത്.രാമൻമാഷ് ഒരു ആക്സിഡൻറിൽ മരണപ്പെട്ടു.മാഷിന്നലെ പറഞ്ഞ വാക്കുകൾ മീനുവിൻെറ

മനസിൽ അലയടിച്ചു.

അന്ന് സ്കൂളിന് അവധിയായിരുന്നു.മീനു വീട്ടിലിരുന്ന് കരയുകയായിരുന്നു.ആ തീർത്താൽ തീരാത്ത ദു:ഖത്തിൽ വിദ്യാലയം മുങ്ങിത്താഴ്ന്നു.

OOOOOOOOOOOO

ആ ഒരു പ്രതീക്ഷയിൽ അയാൾ മുന്നോട്ടു നടന്നു

## എന്ന് കിട്ടും നീതി...

നിസിൻ പ്രകാശ് VIII ഇ



ഞാൻ ആ കാഴ്ച കാണുന്നത് . എന്താണ് അവിടെ നടക്കുന്നതെന്ന് എന്റെ കണ്ണുകൾക്ക് വ്യക്തമായി കാണുവാൻ സാധിച്ചില്ല .പെട്ടെന്ന് ആ കാഴ്ച എന്റെ മുന്നിൽ നിന്നും മാഞ്ഞിരുന്നു .എന്തെങ്കിലുമായിരിക്കും എന്ന് കരുതി ഞാൻ മുന്നോട്ടുനടന്നു .പെട്ടെന്നാനാണ് വീട്ടിൽ നിന്നും ഭാര്യയുടെ കോൾ വരുന്നത് .ഞാൻ എടുത്തു എന്താ കാര്യമെന്നു ഞാൻ അംന്വേഷിച്ചു.ഭാര്യയുടെ പരിഭ്രാന്തിയിൽ എനിക്കാദ്യമൊന്നും മനസിലായില്ല. പിന്നീട് അത് വ്യക്തമായി കേട്ടു. മകൾ ഇനിയും വീട്ടിൽ എത്തിയിട്ടില്ല .എന്തെങ്കിലും ആവിശ്യമുണ്ടായിരിക്കും എന്ന് പറഞ്ഞു അവളെ ഞാൻ സമാധാനിപ്പിച്ചു . ഞാൻ മൊബൈൽ എടുത്തു മകളെ ഫോൺ വിളിച്ചു . ഫോൺകടയിൽ നിന്ന് സാധനം വാങ്ങി മുന്നോട്ടു നടക്കുമ്പോളാണ് തെരുവുവീഥിയിലെ മങ്ങിയ പ്രകാശത്തിൽ എടുക്കുന്നില്ല . എന്തെങ്കിലും അത്യാവശ്യം
കാണും . ചിലപ്പോൾ മൊബൈൽ ചാർജ് തീർന്നത് കൊണ്ടായിരിക്കും കാൾ എടുക്കാത്തതെന്ന് പറഞ്ഞു ഞാൻ എന്റെ മനസിനെ സമാധാനിപ്പിച്ചു .

ഇന്നും ഞാൻ വരുമ്പോൾ ആ മനുഷ്യൻ കരഞ്ഞുകൊണ്ടുതന്നെ ഇരിക്കുകയാണ് . ആദ്യമൊക്കെ ഞാൻ കാണുമ്പോൾ അദ്ദേഹം എന്നും, സന്തോഷവാനാണ് . എന്നാൽ ഒരാഴ്ച്ചയായി അദ്ദേഹത്തിന്റെ ഈ അവസ്ഥ ഞാൻ കാണുന്നു. തെരുവുവീഥിയിൽ തെരുവുവിളക്കിനു താഴെ ഒരു ബാഗും പിടിച്ച് അദ്ദേഹം ഇരിക്കുകയാണ് .കരഞ്ഞുകരഞ്ഞു കണ്ണുനീർവറ്റിപോയ കണ്ണുകൾ .ഞാൻ അദ്ദേഹത്തിന്റെ തോളിൽ കൈ വെച്ച് .ചുവന്നു വറ്റിയ കണ്ണുകളോടെ അദ്ദേഹം എന്നെ നോക്കി .ഞാനെന്താ കാര്യമെന്നന്വഷിച്ചു ആദ്യമൊന്നും മിണ്ടിയില്ല പിന്നീട് അദ്ദേഹം പതിയെ സംസാരിക്കാനും തുടങ്ങി.

" എന്റെ പേര് സത്യൻ ഞാൻ അങ്ങ് ദൂരെ നിന്നാണ് മകളുടെ പഠനത്തിനായി ഇവിടെ എത്തിയത് .എന്റെ മകൾ പഠനത്തിൽ നല്ല മിടുക്കി ആയതിനാൽ തന്നെ അവളെ ഒരു ഡോക്ടർ ആകണമെന്നായിരുന്നു എന്റെയും ഭാര്യയുടെയും ആഗ്രഹം .ഇവിടെ വന്നു പരീക്ഷ എഴുതി നല്ല റാങ്ക് കിട്ടി എന്നാൽ പണം അടക്കാൻ നമുക്കൊരു നിവർത്തിയുമില്ലായിരുന്നു .എന്നാലും വീടും, ആധാരവും ഒക്കെ പണയം വെച്ച് ഒടുവിൽ മകളെ പഠിക്കാനായി അയച്ചു .പിന്നീട് വാടക വീട്ടിൽ ആയിരുന്നു നമ്മൾ താമസിച്ചിരുന്നത് . ഹോസ്റ്റലിൽ നിന്ന് എന്നും മകൾ എന്നെ വിളിക്കുമായിരുന്നു . ഒരു നിമിഷം അവൾ വിളിച്ചില്ലെങ്കിൽ എനിക്കും ഭാര്യക്കും വിഷമമായിരിക്കും .നമുക്ക്

ആണായിട്ടും പെണ്ണായിട്ടും ഒരു മകളെ ഉണ്ടായിരുന്നുള്ളു . അതിനാൽ തന്നെ അവളെ വലിയ നിലയിൽ എത്തിക്കണമെന്ന് എനിക്ക് വളരെ ആഗ്രഹമായിരുന്നു .ഒരു ദിവസം പെട്ടന്നാണ് എന്റെ ഫോണിൽ കോൾ വന്നത് ഞാൻ എടുത്തു സംസാരിച്ചു .ആ വാർത്ത കേട്ടു എനിക്ക് വിഭ്രാന്തിയായി ഞാനും ഭാര്യയും മരണ പാച്ചിലിൽ ആശുപത്രിയിൽ എത്തി . രാത്രിയിലെ തെരുവുനായകൾ പിച്ചിച്ചീന്തിയ എന്റെ മകളുടെ ജഡം .എനിക്ക് ആ കാഴ്ചയുടെ ആഘാതത്തിൽ ഒന്ന് ഉറക്കെ കരയുകയാണോ വേണ്ടത് അതോ ഭാര്യയെ പിടിച്ചു നിർത്തുകയാണോ വേണ്ടതെന്ന് അറിയില്ലായിരുന്നു . ഒടുവിൽ ഞാൻ ശ്രമണത്തിനപ്പുറത് ഒച്ചയിൽ നിലവിളിച്ചു .അവസാനമായി മകളെ ഒന്ന് കാണുവാൻ പോലും ആശുപത്രി അധികൃതർ സമ്മതിച്ചില്ല .കാരണം ആശുപത്രി ചെലവ് വഹിക്കാനുള്ള പണം എന്റെ കയ്യിലുണ്ടായിരുന്നില്ല .ഈ സങ്കടം താങ്ങാനാവാതെ എന്റെ ഭാര്യ ഹൃദയാഘാതം വന്ന് അപ്പോൾ തന്നെ മരിച്ചു .രണ്ട് മരണങ്ങൾ താങ്ങാനാവാതെ എനിക്ക് തന്നെ ഭ്രാന്ത് പിടിച്ചതുപോലായി.അതിനു ശേഷം ഞാൻ എന്റെ മക്കൾക്ക് വേണ്ടി അവളുടെ ഘാതകരെ അന്വേഷിച്ചു യാത്ര ആയി .ഒടുവിൽ അവനെ പോലീസുകാർ പിടികൂടി ജയിലിലിട്ടു.എന്നാൽ വൈകാതെ അവൻ പുറത്തിറങ്ങും .എന്താണീ നാടിങ്ങനെ .തെറ്റ് ചെയ്യുന്നവരെ ശിക്ഷിക്കാനാണ് കോടതിയും ജയിലുമൊക്കെ അല്ലാതെ അവൻ ജയിലിൽ കിടന്ന് തിന്ന് കൊഴുത്തു നമ്മളെ നോക്കി ചിരിക്കാനല്ല.

എന്നാണ് എന്റെ മക്കൾക്ക് നീതി കിട്ടുക എന്ന് പറഞ്ഞു കൊണ്ട് അയാൾ ഉറക്കെ നിലവിളിക്കാൻ തുടങ്ങി .

എങ്ങനെയാണ് അദ്ദേഹത്തിന് സമാധാനിപ്പിക്കേണ്ടതെന്ന് എനിക്ക് അറിയില്ലായിരുന്നു .മകളുടെ നീതിക്കുവേണ്ടി ഒരച്ഛന്റെ രോദനം .....

പെട്ടെന്നാണ്എന്റെ മകളെ ഓർമ്മ വന്നത് .അവൾക്കെന്ത് സംഭവിച്ചിട്ടുണ്ടാകും എന്ന് കരുതി എന്റെ ചങ്ക് പിടഞ്ഞു .പെട്ടെന്നാണ് ഒരു പ്രതീക്ഷിത കോൾ വന്നത് .ആ കോൾ എന്തായിരിക്കും എന്ന് കരുതി എന്റെ ചങ്ക് വിറച്ചു .ഞാൻ പതിയെ എടുത്തു .അത് മകളായിരുന്നു .വരാൻ നേരം വൈകി പോയ് ഞാൻ ബസ് സ്റ്റാന്റിൽ ഉണ്ട് എന്നെ ഒന്ന് കൂട്ടാൻ വരുമോ എന്ന് ചോദിച്ചു .അപ്പോഴാണ് എന്റെ ശ്വാസം നേരെ വീണത് .ഞാൻ അവളോട് പറഞ്ഞു .നീ എവിടെയും പോവരുത് .ഞാൻ അവിടെ വരാമെന്ന് മിന്നൽവേഗത്തിൽ ഞാൻ ബസ് സ്റ്റോപ്പിൽ എത്തി. മകളെയും കൂട്ടി വീട്ടിലേക്കു നടക്കുമ്പോഴാണ് ചുറ്റിലും എനിക്കു തെരുവ് നായ്ക്കളുടെ കണ്ണുകൾ കാണാൻ കഴിയുന്നു .ഞാൻ ഉള്ളതിനാൽ ഒരു നായയും എന്റെ മകളെ ഉപദ്രവിക്കാൻ വന്നില്ല .പെട്ടെന്നാണ് ആ മനുഷ്യനെ ഓർമ്മ വന്നത്.സത്യൻ അവന്റെ മകൾക്ക് എന്നെങ്കിലും നീതി കിട്ടുമെന്ന പ്രതീക്ഷയിൽ ഞാൻ മുന്നോട്ട് നടന്നു .

oooooooooooooo

# സന്ധ്യ

നന്ദന എൻ സി  6 ബി



സന്ധ്യ...സന്ധ്യ.... സന്ധ്യ...ത്രിസന്ധ്യ...
ആളുന്ന കനലായി എരിയുന്ന സന്ധ്യ...
ഭൂമിക്കു തണലായി നിൽക്കുന്ന സന്ധ്യ...
ഓർമയ്ക്ക് വേണ്ടി പറക്കുന്ന സന്ധ്യ...
സന്ധ്യ...സന്ധ്യ.... സന്ധ്യ...ത്രിസന്ധ്യ...
ഓർമയിലെന്നുമേ വാഴുന്ന സന്ധ്യ.......
ഓർക്കാതെ വയ്യാ ഈ സന്ധ്യ... സന്ധ്യ...
സന്ധ്യ...സന്ധ്യ.... സന്ധ്യ...ത്രിസന്ധ്യ...
വാഴുന്ന രാജാവിനോളമീ സന്ധ്യ
സന്ധ്യ.....സന്ധ്യ.....സന്ധ്യ.....ത്രിസന്ധ്യ...

***************

## വികൃതി മാളു നല്ലവളായെ

നിധിയ കെ vii ഡി



മാളു എന്നൊരു കുട്ടി ഉണ്ടായിരുന്നു.അവൾ എപ്പോഴുംവികൃതി കാട്ടുമായിരുന്നു അതുകൊണ്ടു തന്നെ അവിടെയുള്ളവർ അവളെ വികൃതിമാളു എന്ന് വിളിച്ചു. അത് അവൾ വലിയ കാര്യമാക്കിയിരുന്നില്ല . അവൾ ക്ലാസിൽ പിന്നിലായിരുന്നു.അതുകൊണ്ടു തന്നെ അവൾക്കു കളിക്കാൻ കൂട്ടുകാർ ഇല്ലായിരുന്നു. . .അവൾ ചുറ്റുപാടും നോക്കി ഒറ്റയ്ക്ക് സംസാരിക്കും.അങ്ങനെ അവളുടെ ജീവിതം കഴിഞ്ഞുകൂടി .ഒരു ദിവസം മാളുവിനോട് ടീച്ചർ ചോദിച്ചു നിനക്കു എന്താവാനാണ് ആഗ്രഹം. അവൾ പറഞ്ഞു" എനിക്ക് പോലീസ് ആകാനാണ് ഇഷ്ടം". ആ ഉത്തരം കേട്ട് ഒരു കുട്ടി പറഞ്ഞു "ഒരു വാക്കു പോലും എഴുതാൻ അറിയില്ല പിന്നെയാണ് പോലീസ് "അവന്റെ ഉത്തരം കേട്ട് കുട്ടികളെല്ലാം ആർത്തു ചിരിച്ചു .മാളുവിന് വളരെ സങ്കടമായി. അവൾ വീട്ടിലേക്ക് കരഞ്ഞുകൊണ്ട് നടന്നു .അവൾ അങ്ങനെ ഒരു പുഴകടന്നു പോകുമ്പോൾ പെട്ടെന്ന് മാലാഖ പ്രത്യക്ഷപ്പെട്ടു.അവളോട് മാലാഖ ചോദിച്ചു "നീ എന്തിനാണ് കരയുന്നത്".അവൾ മാലാഖയോട് എല്ലാം പറഞ്ഞു.

നിന്റെ ഈ വികൃതിയാണ് എല്ലാത്തിനും കാരണം.തന്റെ വികൃതി നിർത്തിയാൽ മാത്രമേ കുട്ടികൾ നിന്നെ കളിയാക്കുന്നത് നിർത്തു .തന്റെ വികൃതി മാറ്റിയാൽ നാട്ടുകാർ വിളിക്കുന്ന വികൃതി മാളു എന്ന പേര് മാറിക്കിട്ടും.താൻ നന്നായി പഠിച്ചാൽ മാത്രമേ തന്റെ ആഗ്രഹങ്ങൾ സാധിക്കാൻ കഴിയുള്ളു .അത് പറഞ്ഞു മാലാഖ പോയി .മാലാഖ പറഞ്ഞതൊക്കെ അവൾ മനസിലാക്കി നന്നാവാൻ തീരുമാനിച്ചു .പിന്നീടുള്ള കാലം അവൾ നല്ല കുട്ടി ആകുകയും ,നന്നായി പഠിക്കുകയും ചെയ്തു.പിന്നീട് അവളെ നാട്ടുകാരോ കൂട്ടുകാരോ കളിയാക്കിയില്ല.അങ്ങനെ അവൾ വലുതായിതന്റെ ആഗ്രഹങ്ങൾ സഫലമായി. അവൾ ഇപ്പോൾ വലിയൊരു പോലീസ് ഓഫിസറാണ്

# ലാൽസലാം സഖാവേ.........

ഫിർസ യു vii ഡി



അഭിമന്യു എന്ന് ഒരു രക്തസാക്ഷി
നാട്ടിനും വീട്ടിനും നന്മവാസി
നമ്മുടെ പാർട്ടിക്കായ് പോയവനേ
കണ്ണീരോടെ വിട ഇന്ന് കണ്ണീരോടെ
വിട

മഹാരാജാ കോളേജിലേ വിളക്കേ....
അണഞ്ഞുപോയില്ലേ മുത്തേ...
നിൻ സാന്നിധ്യം പാർട്ടിക്കില്ലറിയുമ്പോൾ
(എൻ കണ്ണീരും ചോർന്നുപോവേ) 2


നാട്ടിനായ് പിറന്നവനേ.......
നന്മക്കായി അണഞ്ഞവനേ
സ്നേഹിക്കാൻ മാത്രം അറിയുന്ന
നിനക്ക് ആയിരം അഭിവാദ്യങ്ങൾ


○ ○ ○ ○ ○ ○ ○ ○ ○ ○ ○

# നീലാകാശം

ദിവ്യ രാജീവൻ viii എ

അതിരില്ലാതെ പരന്നുകിടപ്പു
ണ്ടാകാശം,നീലാകാശം
അവിടെപ്പക്ഷികളൊക്കെ പായാൻ
കവിയുന്നുണ്ടേ മോഹം
ചിറകില്ലാതെ പറക്കാനാമോ
ചിന്താശൂന്യതയല്ലേ?
ഗഗനരഥത്തിൽ കയറിപ്പോകാം
ഗതിയില്ലല്ലോ വേറെ
എന്നാനലെന്റെ മനസ്സിലു ചെല്ലാ-
മെല്ലാദിക്കിലുമൊപ്പം
ചിറകില്ലാതെ,രഥമില്ലാതെ
പാറാനെങ്ങനെയാവും?
ആരു കൊടുത്തു ശക്തി മനസ്സിനു
ദൂരം തരണം ചെയ്‌വാൻ
വർണാഭങ്ങൾ നിരന്നുനിൽക്കും
വാർമഴവില്ലുകൾ വേറെ.





# റോസാപ്പൂവ്

ഋഷിക vii ഡി





**എ**ന്റെ വീട്ടിൽ
പൂന്തോട്ടമുണ്ട്
തോട്ടം നിറയെ പൂക്കളുണ്ട്
പൂക്കളിൽ ഒന്നാമൻ റോസാപ്പൂ
കൂട്ടത്തിൽ ഏറ്റവും ഭംഗിയുള്ളോൻ

ആരു കണ്ടാലും നോക്കിപ്പോകും
നല്ല മണമുള്ളോരു റോസാപ്പൂ
പലനിറമുള്ള റോസാപ്പൂ
നല്ല മണമുള്ള പൂവ്
എന്റെ പൂവ് റോസാപ്പൂ

oooooooooooo

# മൂന്ന് രാജകുമാരിമാർ

നന്ദന എൻ സി



ഹിരാനഗർ എന്ന വിശാലമായ രാജ്യം.അവിടത്തെ രാജാവ് ഹരിനാരായണവർമ്മൻ അയാൾക്ക് മൂന്ന സുന്ദരികളായ മക്കളുണ്ടായിരുന്നു.മൂത്തവൾ ഗംഗ രണ്ടാമത്തവൾ ഗീത ഇളയവൾ ഗായത്രി.ഒരിക്കൽ രാജകുമാരിമാർ വനം സന്ദർശിക്കാനായി കൃഷ്ണവനത്തിലെത്തി.അവർ ആ കാട്ടിൽ എത്തിയ ഉടനെ ആ കാട് മൂന്നായി പിളർന്ന് മൂത്തവൾ ആകാശത്തും രണ്ടാമത്തവൾ സമുദ്രത്തിലും ഇളയവൾ ഭൂമിക്കടിയിലുമെത്തി.അവർ അവരുടെ സഹോദരിമാരെ കാണാതെ പല പ്രാവശ്യം കരഞ്ഞു.ആരും അത് കണ്ടില്ല.ഒരുനാൾ മൂത്തവളായ ഗംഗ ആകാശത്തിലെ ഒരു മേഘത്തിനിടയിൽ ഇരിക്കുകയായിരുന്നു.പെട്ടന്ന് അവിടെ ആകാശദേവൻ അവളോടു ചോദിച്ചു.എന്തിനാണ് കരയുന്നത്.അവൾ നടന്ന കാര്യങ്ങൾ തുറന്നുപറഞ്ഞു.ആകാശദേവൻ അവളെ സഹായിച്ചു.അവൾ

അവളുടെ സഹോദരിമാകണ്ടു.അവർ പരസ്പരം കെട്ടിപ്പിടിച്ചു.അവർ പിന്നെ ഏറെക്കാലം സ്നേഹത്തോടെ കഴിഞ്ഞു.

ഠഠഠഠഠഠഠഠഠഠഠഠഠഠ

# ധനികനായ കച്ചവടക്കാരൻ

ദേവനന്ദ ബി vi ഡി



പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ ഒറ്റപ്പെട്ട ഒരു കച്ചവടകേന്ദ്രമുണ്ടായിരുന്നു. അവിടെ കച്ചവടം നടത്തിയിരുന്നത് ധനികനും വയസ്സനുമായിരുന്ന ഒരാളായിരുന്നു.ഒരു ദിവസം പാവപ്പെട്ട ഒരു ചെറുപ്പക്കാരൻ വളരെ വിഷമത്തോടെ ഈ കച്ചവടക്കാരനോട് 500 രൂപ കടം തരുമോ എന്നു ചോദിച്ചു.അപ്പോൾ കച്ചവടക്കാരൻ അയാൾ പറഞ്ഞ പൈസ കടം കൊടുത്തു.അതോടൊപ്പം കച്ചവടക്കാരൻ പറഞ്ഞു ഒരാഴ്ചക്കകം തിരിച്ചുതരണം.അദ്ദേഹം പറഞ്ഞസമയത്ത് അയാൾ ആ പൈസ തിരിച്ചു കൊടുത്തു.ഒരു മാസം കഴിഞ്ഞപ്പോൾ അയാൾ ആയിരം രൂപ കടം തരണം എന്നു പറഞ്ഞു.കച്ചവടക്കാരന് അത് തീരെ ഇഷ്ടമായില്ല.ഇയാളെ എങ്ങനെയെങ്കിലും ഒഴിവാക്കണമെന്ന് തോന്നി.അദ്ദേഹം ഒരുപാട് ആലോചിച്ചു.ഒരു വഴിയും കിട്ടിയില്ല.അവസാനം അദ്ദേഹം പറഞ്ഞു ഞാൻ കഴിഞ്ഞ തവണ കടം തന്നപ്പോൾ അത് തിരിച്ചുകിട്ടില്ല എന്ന് കരുതി നീ എന്റെ വിശ്വാസം തെറ്റിച്ചു.വിശ്വാസഭംഗം നടത്തുന്നവർക്ക് ഞാൻ കടം കൊടുക്കാറില്ല.എന്നും അദ്ദേഹം അയാളോട് പറഞ്ഞു.

# ഇരുട്ടെന്ന സുഹൃത്ത്

സയന ടി ix ബി



അവൾ അങ്ങനെയായിരുന്നു.ആരും ശ്രദ്ധിച്ചിരുന്നില്ല.അവൾക്ക് ഒരു ചേച്ചിയും ഉണ്ടായിരുന്നു.ചേച്ചിയെ എല്ലാവരും ശ്രദ്ദിച്ചിരുന്നു.കാരണം അവളുടെ ചേച്ചി നന്നായി പഠിച്ചിരുന്നു.അവള എന്തുനല്ലകാര്യം ചെയ്താലും അതിന്റെ ഫലം ലഭിച്ചിരുന്നത് അവളുടെ ചേച്ചിക്കായിരുന്നു.പിന്നീട് അതിൽ എന്തെങ്കിലും മോശം കണ്ടെത്തി ഇളയവളായ ചിന്നുവിനെ വഴക്കുപറയും.അവൾക്കതിൽ ദുഖമുണ്ടായിരുന്നില്ല.കാരണം ആ നല്ലകാര്യങ്ങളൊക്കെ ചെയ്തത് അവളാണെന്ന് ആർക്കും അറിയില്ലെങ്കിലും അവൾക്കറിയാമായിരുന്നു.അവൾ നന്നായി പാട്ടുപാടുമായിരുന്നു.അവളുടെ ആ കല ആരും അറിഞ്ഞില്ല.അവളുടെ സങ്കടം മനസിലാക്കിയിരുന്നത് അവളുടെ കിടക്കയും തലയണയുമാണ്.അവളെല്ലാം പറഞ്ഞ് കരഞ്ഞത് ഇരുട്ടിനെ നോക്കിയായിരുന്നു.അങ്ങനെയവൾ സമാധാനിച്ചു.അവളുടെ സ്വപ്നം ഒരിക്കലും നടക്കില്ലെന്ന് അവൾ വിശ്വസിച്ചു.പക്ഷേ അവളുടെ മനസ്സിലാരോ പറയുന്നുണ്ടായിരുന്നു അവൾക്ക് പാടാൻ കഴിയുമായിരുന്നെന്ന്.പതിവുപോലെ ഇന്നും ചിന്നുവിന്റെ ചേച്ചി

പലകാരണങ്ങളുണ്ടാക്കി അവളെ വഴക്കു കേൾപ്പിച്ചു.അവൾ ഇന്ന് ഒന്നും കഴിച്ചിട്ടുണ്ടായിരുന്നില്ല.അത് ആരും ശ്രദ്ധിച്ചില്ല.അവൾ അവളുടെ സങ്കടം പതിവുപോലെ ഇരുട്ടിനോട് പറഞ്ഞു.അവൾ ദൈവം എന്ന് വിശ്വസിച്ചിരുന്നത് എല്ലാവരും പേടിച്ച് പിന്മാറിയ ഇരുട്ടിനെയായിരുന്നു.തലവേദനയായി മാറിയ ആ വീട്ടിലിരുന്ന് ചിന്തിക്കാൻ പറ്റാത്തതിനും അപ്പുറം ചിന്തിച്ചുപോയി.താൻ ആ വീട്ടിൽ തന്നെയുള്ള ആളാണോ എന്ന് വരെ അവൾ ചിന്തിച്ചു.പക്ഷെ അവൾക്ക് അവരെ ഇഷ്ടമായിരുന്നു.ഒരിക്കൽ ആരും അറിയാതെ അവൾ എവിടെയോ നടക്കുന്ന പരിപാടിയിൽ  വായിച്ചറിഞ്ഞ് പോയി,അവൾ അവളുടെ അനുഭവം കവിതയാക്കി അവൾ തന്നെ പാടുകയുണ്ടായി.അവൾക്ക് ഒന്നാം സ്ഥാനവും ലഭിച്ചു.ആ വാർത്ത പത്രത്തിൽ വന്നപ്പോഴാണ് അവളെ അവളുടെ വീട്ടുകാർ അറിഞ്ഞത്.അവർക്കതിൽ കുറ്റബോധം അവളെ നാടാധരിച്ചു.അങ്ങനെ എല്ലാവരാലും അവഗണിക്കപ്പെട്ടവൾക്ക് അവളുടെ വീട്ടിൽ ഏറ്റവും പ്രാധാന്യമുള്ള സ്ഥാനം ലഭിച്ചു.അങ്ങനെ അവൾ ഇരുട്ടിനെ കുറിച്ച് മറ്റുള്ളവർക്ക് പറഞ്ഞുകൊടുത്തു.അവളുടെ സുഹൃത്തായത് ആ ഇരുട്ട മാത്രമായിരുന്നു.അതു കൊണ്ടാണവൾ വല്യതായത്.

# മൽസ്യകന്യകയും മീൻപിടുത്തക്കാരനും

ആവണി എ.കെ

ഒരിടത്ത് ഒരു മീൻപിടുത്തക്കാരനുണ്ടായിരുന്നു.അയാളും ഭാര്യയും രണ്ടു മക്കളും ഒരു ചെറിയകുടിലിലാണ് താമസിച്ചിരുന്നത്. കടലിൽ മീൻപിടിക്കാൻ പോയി കിട്ടിയമീനിനെ ചന്തയിൽ വിറ്റുകിട്ടുന്ന തുച്ഛമായ ശമ്പളം കൊണ്ടാണ് അവർ ജീവിച്ചിരുന്നത്. പക്ഷേ അയാളുടെ ഭാര്യ ഒരു അത്യാഗ്രഹിയായിരുന്നു. മീൻപിടുത്തക്കാരൻ ഉണ്ടാക്കുന്നതുച്ഛമായ ശമ്പളമെന്നും അവർക്ക് മതിയാവില്ലായിരുന്നു. ആ സ്ത്രീ മീൻപിടുത്തക്കാരനെ വെറുതെവഴക്കുപറഞ്ഞുകൊണ്ടിരിക്കുമായിരുന്നു.പക്ഷേ മീൻപിടുത്തക്കാരൻ അതൊന്നും കാര്യമാക്കിയില്ല. അയാൾ ഒന്നും മിണ്ടാതെയിരിക്കും.ഒരു ദിവസം അയാൾ കടലിൽ മീൻപിടിക്കാൻ പോയതായിരുന്നു.അപ്പോൾ



അയാളുടെ ചൂണ്ടയിൽ എന്തോ ഒരു വലിയ വസ്തു കുടുങ്ങി. അയാൾ ചൂണ്ടവലിച്ചു. അപ്പോൾ അതാ ചൂണ്ടയിൽ ഒരു മൽസ്യകന്യക കുടുങ്ങിയിരുന്നു. മീൻപിടുത്തക്കാരൻ അതിശയിച്ചുപോയി. മൽസ്യകന്യക മീൻപിടുത്തക്കാരനോട് യാചിച്ചു എന്നെ വെറുതെവിടു എന്നെ വെറുതെ വിട്ടാൽ നിങ്ങളുടെ മൂന്ന് ആഗ്രഹം ഞാൻ നിറവേറ്റിതരാം എന്ന് പറഞ്ഞു. അപ്പോൾ മീൻപിടുത്തക്കാരൻ പറഞ്ഞു എനിക്ക് ആഗ്രഹമൊന്നുമില്ല . പക്ഷേ നിന്നെ ഞാൻ വെറുതെ വിടാം എന്ന് പറഞ്ഞ് മീൻപിടുത്തക്കാരൻ മൽസ്യകന്യകയെ വെറുതെവിട്ടു. മൽസ്യകന്യകയെ മീൻപിടുത്തകാരനോട് നന്ദി പറഞ്ഞു .കൂടാതെ താങ്കൾക്ക് വല്ല അവശ്യമുണ്ടെങ്കിൽ ഇവിടെ വന്ന് മൂന്നുതവണ വിളിച്ചാൽ മതി എന്നുംപറഞ്ഞ് മൽസ്യകന്യക അവിടെ നിന്നു പോയി മീൻപിടുത്തക്കാരൻ നടന്നസംഭവമെല്ലാം തന്റെ വിട്ടിലെ ഭാര്യയോടും മക്കളോടും പറഞ്ഞു.അപ്പോൾ അത്യാഗ്രഹിയായ ഭാര്യ പറഞ്ഞു കിട്ടിയ അവസരം പഴാക്കികളഞ്ഞ നിങ്ങൾ

എന്തൊരു മണ്ടനാണ്.വേഗം പോകൂ എന്നിട്ട് ആ മൽസ്യകന്യകയോട് നമുക്ക് ഒരു വലിയ കൊട്ടാരം പോലെയുള്ള വീട് തരാൻ പറയൂ.ഭാര്യ പറഞ്ഞതും കേട്ട് മനസ്സില്ലാ മനസ്സോടെ മീൻപിടുത്തക്കാരൻ കടലിൽ ചെന്നു എന്നിട്ട് മൽസ്യകന്യകയെ മൂന്നു തവണ വിളിച്ചു.അതുകേട്ട് മൽസ്യകന്യക മുകളില്ല് വന്നു

എന്നിട്ട് ചോദിച്ചു നിന്റെ ആഗ്രഹമെന്താണെന്ന്.അപ്പോൾ അയാൾ പറഞ്ഞു എനിക്കും എന്റെ കുടുംബത്തിനും താമസിക്കാൻ ഒരു വലിയ മണിമാളിക വേണമെന്ന് പറഞ്ഞു.അപ്പോൾ മൽസ്യകന്യക ആ ആഗ്രഹം സഫലമാക്കിക്കൊടുത്തു.അപ്പോൾ മീൻപിടുത്തക്കാരന്റെ ഭാര്യ കടൽതീരത്തു നിന്ന് മീൻപിടിത്തക്കാരനോട് പറഞ്ഞു നിങ്ങൾ അവളോട് പറ നമുക്ക് കൊറേ വസ്തുങ്ങൾ തരാൻ.കൂടാതെ എന്നെ ഈ പ്രദേശത്തിന്റെ രാജകുമാരിയാക്കാനും.ഇതു കേട്ട മൽസ്യകന്യകയ്ക്ക് ദേഷ്യം സഹിക്കാനായില്ല.

മൽസ്യകന്യകയുടെ ദേഷ്യം കാരണം ആകാശം ഉരുണ്ടു കടൽ തിരമാലകൾ ഉയർന്നും താഴ്ന്നും കൊണ്ടിരുന്നു.ഇതൊക്കെ കണ്ടു നിന്ന മീൻപിടിത്തക്കാര

ന്റെ ഭാര്യ പേടിച്ചുപോയി.അവർ മനസിൽ വിചാരിച്ചു ഇതിനെല്ലാം എന്റെ അത്യാഗ്രഹമാണ് കാരണം.

എന്നിട്ട് അവൾ മൽസ്യകന്യകയോട് ക്ഷമ ചോദിച്ചു .

മൽസ്യകന്യക അവളെ വെറുതെ വിട്ടു.പിന്നെ ഒരിക്കലും

അവൾ അത്യഗ്രഹം കാണിച്ചില്ല. മീൻപിടുത്തക്കരനും

ഭാര്യയും മക്കളും പിന്നെ സന്തോഷത്തോടെ ജീവിച്ചു.

ഗുണപാഠം:**അത്യാഗ്രഹം ആപത്ത്**

# സുഗതായനം

ഒ പ്രസീത കുമാരി

അധ്യാപിക



പവിഴമല്ലിയുതിരും  മണമായ്
നനവുണരും  വരികൾ വരമായ്
കരളെരിഞ്ഞിതാ കാടിൻവയലിൻ
കരംപകർന്ന് കരേററിയോൾ നീയോ
നിലവിളിച്ചിതാ  മൗനതാഴ്വാര
ഒരുതീയേയും  കുടഞ്ഞുകളഞ്ഞു
ഇമയണയാതരുളിൻ തിരയായ്
സകലജീവപ്പൊരുളിലും വാണാൾ
ഇനിയുയരും വികസനപ്പത്തിക്കടിമ-
യായവർ ഇനി  ഉരിയാടാ-
തരുളി ഏതു  മഹാമന്ത്രശക്തി?
ഞാനഹന്തയാൽ തീർത്തോരിരുട്ടിൽ
താനേ തീരും ശിലയായ് ഉറഞ്ഞു
ഇനിവരുന്നോരിടയബാലൻതൻ
ചരണമേറ്റേറ്റടിഞ്ഞു പൊടിയും
വെറുമൊരുശില  കേഴുന്നു വീണ്ടും
ചൊരിയൂ നീയാ  മധുമലർ  പാത്രം!


ooooooooooooooooooooo

# Survival

മുദ്രൽ viii ഇ




Hey,is this small plant survive
the summer
hey cassia tree teach it how to
survive the summer
is it possible to you
and teach
hey pongame tree in the summer
you teach us how can we
cold the summer to cold cap
this is not a big survive we
keraliyans survive a big flood
and it is largest flood came to our
kerala and **WE THE PEOPLE** prove
how can we survive the flood



തയ്യാറാക്കിയത്:വർണിക കെ





തയ്യാറാക്കിയത്:

നിവേദ് പി ix



# ചട്ടുകപ്പാറ ഗവ:ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# നന്ദി

**വർണം.കോം എന്ന ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ ഞങ്ങളെ സഹായിച്ച ഈ സ്കൂളിലെ അധ്യാപകർക്കും വിദ്യാർഥികൽക്കും മറ്റു സ്റ്റാഫ് അംഗങ്ങൾക്കും ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങളുടെ നന്ദി അറിയിക്കുന്നു.**

00000000000000000000